**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4123** **28-10-2021 - ൽ മറുപടിയ്ക്ക്**

**മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് പദ്ധതികൾ, പ്രാദേശിക വികസന ഫണ്ട് പദ്ധതികൾ തുടങ്ങി സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ അനുവദിച്ചിട്ടുള്ള ഏജൻസികൾ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതെ വന്നാൽ അവയ്ക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് പദ്ധതികൾ, പ്രാദേശിക വികസന ഫണ്ട് പദ്ധതികൾ തുടങ്ങി സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ അനുവദിച്ചിട്ടുള്ള ഏജൻസികൾ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതെ വന്നാൽ ടി ഏജൻസികൾക്കെതിരെ നടപടി സ്വീകരിച്ചു തുടർന്ന് അക്രെഡിറ്റേഷൻ നല്കുന്നതിൽ നിന്നു ഒഴിവാക്കുകയാണ് ചെയ്യുന്നത്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് അത്തരത്തിൽ നടപടി സ്വീകരിച്ച് അംഗീകാരം റദ്ദുചെയ്ത ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത ഏജൻസികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അവയെ റദ്ദ് ചെയ്തു കൊണ്ട് നാളിതു വരെ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ